പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

ആഗസ്റ്റ് 25, 2016

## എസ്. ബി. ഐ. യും, ഐ. സി. ഐ. സി. ഐ. ബാങ്കും 2016-ലെ വ്യവസ്ഥാനുസാരമായി പ്രാധാന്യമുള്ള തദ്ദേശീയ ബാങ്കുകളായി (Domestic Systemically Important Banks - D-SIBs) ആർ. ബി. ഐ. തെരഞ്ഞെടുത്തു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയേയും, ഐ. സി. ഐ. സി. ഐ. ബാങ്കിനേയും 2016-ലെ വ്യവസ്ഥാനുസാരമായി പ്രധാന്യമുള്ള തദ്ദേശീയ ബാങ്കുകളായി (D-SIBs) ആർ. ബി. ഐ. തെരഞ്ഞെടുത്തു. കഴിഞ്ഞ വർഷത്തെ പോലെ ഈ ബാങ്കുകൾ അവയുടെ ബക്കറ്റിംഗ് സ്ഥാനങ്ങൾ നിലനിർത്തുകയും ചെയ്തു. പൊതു ഓഹരി ശ്രേണി [Common Equity Tier 1 (CET-1)] സംബന്ധമായ അധിക ആവശ്യകോപാധി ഈ ബാങ്കുകൾ 2016 ഏപ്രിൽ 1 മുതൽ ഉൾക്കൊണ്ടു തുടങ്ങി കഴിഞ്ഞു. 2019 ഏപ്രിൽ ഒന്നോടെ ഇതുമുഴുവൻ പ്രാബല്യത്തിൽ വരികയും ചെയ്യും. ഈ അധിക CET-1 സംബന്ധമായ ആവശ്യകോപാധി, മൂലധന സംരക്ഷണ ശേഖരത്തിനും ഉപരിയാണ്.

**2016 - ലെ D-SIB കളുടെ പുതുക്കിയ പട്ടിക:-**

| ബക്കറ്റ് | ബാങ്കുകൾ | അധിക പൊതു ഓഹരി ശ്രേണി-1 സംബന്ധമായ, ആവശ്യകോപാധി - റിസ്ക് വെയ്റ്റഡ് ആസ്ഥികളുടെ ശതമാന അടിസ്ഥാനത്തിൽ |
|---|---|---|
| 5 | - | 1.0% |
| 4 | - | 0.8% |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 0.6% |
| 2 | - | 0.4% |
| 1 | ഐ. സി. ഐ. സി. ഐ. ബാങ്ക് | 0.2% |

**പശ്ചാത്തലം**

2014 ജൂലൈ 22 ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, D-SIB കൾക്കുള്ള ഒരു അടിസ്ഥാനഘടന എന്തായിരിക്കണമെന്ന് വെളിപ്പെടുത്തിയിരുന്നു. D-SIB യുടെ ഈ അടിസ്ഥാനഘടന പ്രകാരം, റിസർവ് ബാങ്ക് 2015 ആഗസ്റ്റ് മുതൽ - D-SIB കളായി നിർദ്ദേശിക്കപ്പെടുന്ന ബാങ്കുകളുടെ പേരുകൾ വെളിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, D-SIB കളുടെ വ്യവസ്ഥനുസാര സംബന്ധമായ പ്രാധാന്യം കണക്കാക്കിയുള്ള സ്

കോറുകൾ അടിസ്ഥാനപ്പെടുത്തി നാലു 'ബക്കറ്റു'കളിലായി അവയെ സ്ഥാപിക്കേണ്ടതുണ്ട്. ഒരു D-SIB യ്ക്ക് ഏതു 'ബക്കറ്റി'ലാണോ സ്ഥാനംകൊടുത്തിട്ടുള്ളത് ആ അടിസ്ഥാനത്തിൽ അധിക പൊതു ഓഹരിആവശ്യം ബാധകമാക്കണം. കൂടാതെ D-SIB യുടെ അടിസ്ഥാനഘടനയിൽ പറഞ്ഞിട്ടുള്ളതു പോലെ ഇൻഡ്യയിൽ ശാഖാസാന്നിദ്ധ്യമുള്ള ഒരു വിദേശബാങ്കിനെ ആഗോളവ്യവസ്ഥാനുസാരിയായി പ്രാധാന്യമുള്ള ബാങ്കാ (G.SIB) യി കണക്കാക്കെണമെങ്കിൽ, G-SIB കൾക്കു ബാധകമായ അധിക CET-1 മൂലധന സർച്ചാർജ്, അതിന്റെ റിസ്ക് വെയിറ്റഡ് ആസ്ഥികൾക്ക് (RWA) ആനുപാതികമായി നിലനിർത്തേണ്ടതുണ്ട്.

D-SIB യുടെ അടിസ്ഥാനഘടനാപ്രകാരമുള്ള പ്രവർത്തന സമ്പ്രദായവും 2015 മാർച്ച് 31 ലെ, വിവരശേഖരവുമനുസരിച്ചും, 2015 ആഗസ്റ്റ് 31-ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയേയും, ഐ. സി. ഐ. സി. ഐ. ബാങ്കിനേയും പ്രഖ്യാപിച്ചു കഴിഞ്ഞു. D-SIB കളുടെ അടിസ്ഥാനഘടന അനുസരിച്ചും, 2016 മാർച്ച് 31 ലെ വിവരശേഖരമനുസരിച്ചും, ഈ രണ്ടുബാങ്കുകളെ 2016-ലെ D-SIB കളായി വീണ്ടും ആർ. ബി. ഐ. പ്രഖ്യാപിച്ചിട്ടുണ്ട്.

**പ്രസ്സ് റിലീസ് : 2016-2017/495**

**അല്പ്പന കില്ലാവാല**
പ്രിൻസിപ്പാൽ അഡ്വൈസർ